ഫസ്റ്റ് ബെൽ 2.0



## അമൃതം

# വെണ്ണക്കണ്ണൻ

**മലയാളം നോട്ട്ബുക്ക്**



Std 4



NIKHIL SOMASEKHARAN
LPS Kalarickal



വെണ്ണക്കണ്ണൻ ക്ലാസ് 1

ക്ലാസ് കാണാൻ ക്ലിക്ക് ചെയ്യൂ



വെണ്ണക്കണ്ണൻ ക്ലാസ് 2



വെണ്ണക്കണ്ണൻ ക്ലാസ് 3

# കഥ വായിക്കൂ



അവൾ കുട്ടികൾക്കിടയിൽ കയറി എത്തിനോക്കി. അവിടെ എല്ലും തോലുമായ ഒരു വൃദ്ധൻ കിടന്നു ഞെരങ്ങുകയാണ്. എന്തെങ്കിലും കഴിക്കാനായി അയാൾ ചുറ്റും നിൽക്കുന്നവരോട് കൈ നീട്ടുന്നു. കുറെ കുട്ടികൾ അയാളെ കളിയാക്കുന്നുമുണ്ട്.

അവൾക്ക് വല്ലാത്ത വിഷമം തോന്നി.

ആ വൃദ്ധൻ അവളെ കണ്ടു. അയാൾ മെലിഞ്ഞുണങ്ങിയ കൈകൾ നീട്ടി അവളോട് എന്തോ പറഞ്ഞു. ചില കുട്ടികൾ അപ്പോഴും കൂക്കിവിളിച്ചു.

അവൾ പിന്നൊന്നും ചിന്തിച്ചില്ല. ബാഗ് തുറന്ന് ചോറ്റുപാത്രം പുറത്തെടുത്തു. അതിലെ മുഴുവൻ ചോറും അവൾക്കേറെ ഇഷ്ടമുള്ള മുളക് ചമ്മന്തിയും അയാളുടെ കൈവെള്ളയിലേക്കു പകർന്നുകൊടുത്തു. അയാളുടെ കുഴിഞ്ഞ കണ്ണുകൾ നനഞ്ഞു. ആർത്തിയോടെ അയാൾ ചോറ് തിന്നുതുടങ്ങി. അവസാനത്തെ വറ്റും അയാളുടെ വയറ്റിലെത്തുന്നതുവരെ അവൾ നോക്കിനിന്നു. അവൾക്കെന്തോ പെട്ടെന്ന് കരച്ചിൽ വന്നു.

അത് സന്തോഷംകൊണ്ടായിരുന്നു.

ഡോ. കെ. ശ്രീകുമാറിന്റെ
'വിശപ്പ്' എന്ന കഥയിൽനിന്ന്



പാഠപുസ്തകം പേജ്. 21

**ഈ കഥയിലെ കഥാപാത്രങ്ങൾ ആരൊക്കെയാണ്?**

വൃദ്ധൻ, കുട്ടികൾ, പെൺകുട്ടി

**നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രമേതാണ്?**

പെൺകുട്ടി

**ഈ കുട്ടിയുടെ സ്ഥാനത്ത് നിങ്ങൾ ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?**

പെൺകുട്ടി ചെയ്തതുപോലെ ഭക്ഷണപൊതി വൃദ്ധന് നൽകുമായിരുന്നു. വൃദ്ധൻ സ്ഥിരം അവിടെയുണ്ടാകുമെങ്കിൽ പിന്നീടുള്ള ദിവസങ്ങളിൽ അദ്ദേഹത്തിന് വേണ്ടി ഭക്ഷണപൊതി കരുതുമായിരുന്നു.

## വെണ്ണക്കണ്ണൻ കവിത വിവിധ ഈണത്തിൽ കേൾക്കാം ചൊല്ലി രസിക്കാം.

👇 **കേൾക്കാൻ ക്ലിക്ക് ചെയ്യൂ** 👇

വെണ്ണക്കണ്ണൻ ആഡിയോ 1
താരാട്ടു പാട്ട്

വെണ്ണക്കണ്ണൻ ആഡിയോ 2

വെണ്ണക്കണ്ണൻ ആഡിയോ 3

വെണ്ണക്കണ്ണൻ ആഡിയോ 4

വെണ്ണക്കണ്ണൻ ആഡിയോ 5

വെണ്ണക്കണ്ണൻ ആഡിയോ 6

വെണ്ണക്കണ്ണൻ ആഡിയോ 7

വെണ്ണക്കണ്ണൻ ആഡിയോ 8

# അർത്ഥ സൂചിക

**കവിത വായിച്ച് പുതിയ പദങ്ങൾക്ക് അടിയിൽ പെൻസിലുപയോഗിച്ച് വരയ്ക്കൂ. അവ നോട്ട് ബുക്കിൽ എഴുതി അവയ്ക്ക് പകരം പദങ്ങളും കണ്ടെത്തി എഴുതൂ.**

**ആവശ്യമെങ്കിൽ** പാഠപുസ്തകം പേജ്. 21 **ൽ നൽകിയിരിക്കുന്ന പരിശോധിക്കാം.**

| | | |
|---|---|---|
| അഞ്ചിതം | - | മനോഹരം |
| ആഗമിക്കുക | - | വരിക |
| ആർത്തൻ | - | ദുഃഖിതൻ |
| ആനനം | - | മുഖം |
| ഏറ്റം | - | അധികം |
| കാകൻ | - | കാക്ക |
| കേഴുക | - | കരയുക |
| കൈതവം | - | കള്ളം |
| ചൊല്ലുക | - | പറയുക |
| പയ്യവേ | - | മെല്ലെ |
| തിങ്കൾ | - | ചന്ദ്രൻ |
| തൂമ | - | ഭംഗി (വെൺമ) |
| പാലിക്കുക | - | രക്ഷിക്കുക |
| പൈതൽ | - | കുഞ്ഞ് |
| സ്നാനം | - | കുളി |

**അർത്ഥം കണ്ടെത്തി മനസ്സിലാക്കിയതിന് ശേഷം കവിത ഒന്നുകൂടി വായിക്കുമല്ലോ.**

## പറയാം എഴുതാം

**കവിത ആവർത്തിച്ച് വായിച്ച് മനസിലാക്കി താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കവിതയിൽ നിന്ന് കണ്ടെത്തൂ.**

**1. വെണ്ണ ലഭിക്കാൻ കണ്ണൻ എന്തൊക്കെ ന്യായങ്ങളാണ് അമ്മയോട് പറയുന്നത് ?**

അമ്മ കുളിച്ച് വരുന്നതുവരെ ഞാനല്ലേ വെണ്ണ കാത്തു സൂക്ഷിച്ചത്, ആ എനിക്ക് വെണ്ണ തരാത്തതെന്തേ?
ഒരു കൈയിൽ മാത്രം വെണ്ണ വെച്ചാൽ മറ്റേ കൈ സങ്കടപ്പെടും.
കൊടുത്ത വെണ്ണ കാക്ക കൊണ്ടുപോയി എന്ന് കള്ളവും പറഞ്ഞു.

**2. വെണ്ണ കിട്ടിയപ്പോൾ കണ്ണൻ എന്താണ് ചെയ്തത്?**

ഒരു കൈയിൽ വെണ്ണ വെച്ചപ്പോൾ മറ്റേ കൈയിലും വേണമെന്ന് പറഞ്ഞു. രണ്ട് കൈയിലും കിട്ടിയ വെണ്ണ പെട്ടന്ന് വായിലേക്കിട്ടിട്ട് വെണ്ണ കാക്ക കൊണ്ടുപോയി എന്ന് കള്ളവും പറഞ്ഞു.

**3. 'വെണ്ണിലാവോലുന്ന തിങ്കൾ പോലെ' കണ്ണന്റെ മുഖം തിളങ്ങാൻ കാരണമെന്ത്?**

കണ്ണന്റെ രണ്ട് കൈയിലും അമ്മ വെണ്ണ നൽകി. വെണ്ണ ലഭിച്ച സന്തോഷം കൊണ്ടാണ് കണ്ണന്റെ മുഖം തിളങ്ങിയത്.

# ശബ്ദ ഭംഗി കണ്ടെത്താം

ഈ വരികൾ ശ്രദ്ധിക്കൂ

"മൂത്തവൻ കൈയിൽ നീ വെണ്ണവച്ചീടുമ്പോൾ
ആർത്തനായ് നിന്ന ഞാൻ കേഴുംപോലെ".

അടുത്തടുത്ത വരികളിൽ 'ത്ത' ആവർത്തിച്ച് വരുന്നത് കവിതയുടെ ശബ്ദ ഭംഗി കൂട്ടുന്നുണ്ട്.

മറ്റൊരു ഉദാഹരണം നോക്കൂ

"ഇങ്ങനെയുള്ളനിക്കേതുമേ താരാതെ
എങ്ങു നീ പോകുന്നതെന്നമ്മേ! ചൊൽ?"

ഇത്തരത്തിൽ അക്ഷരങ്ങളുടെ ആവർത്തനം കൊണ്ടും വാക്കുകൾ , ശബ്ദം എന്നിവയുടെ ആവർത്തനം കൊണ്ടും കവിതയ്ക്ക് കൈവരിക്കുന്ന ഭംഗിയാണ് ശബ്ദ ഭംഗി.

**ഇതു പോലെ കവിതയ്ക്ക് ശബ്ദഭംഗി നൽകുന്ന പദങ്ങൾ കണ്ടെത്തി ജോടിയായി എഴുതുക.**

| വരികൾ | ശബ്ദ ഭംഗി |
|---|---|
| "ഇങ്ങനെയുള്ളനിക്കേതുമേ താരാതെ<br>എങ്ങു നീ പോകുന്നതെന്നമ്മേ! ചൊൽ?" | ഇങ്ങനെ, എങ്ങു നീ |
| "ഓമനപൈതൽതാനിങ്ങനെ ചൊല്ലിത്തൻ<br>കോമളച്ചുണ്ടു പിളുർക്കുന്നേരം" | ഓമന, കോമള |
| "ഉണ്ണിക്കൈതന്നിലേ വച്ചുനിന്നീടിനാൾ<br>വെണ്ണയെ കൊണ്ടുപോന്നമ്മയപ്പോൾ," | ഉണ്ണിക്കൈ, വെണ്ണയെ |
| "വെണ്ണയെക്കണ്ടൊരു കണ്ണന്താനന്നേരം<br>വെണ്ണിലാവഞ്ചിച്ചിരിച്ചു ചൊന്നാൻ" | വെണ്ണയെ, വെണ്ണിലാവ് |
| "ഒറ്റക്കൈതന്നിൽ നീ വെണ്ണ വച്ചീടിനാൽ<br>മറ്റേക്കൈ കണ്ടിട്ടു കേഴുമല്ലോ" | ഒറ്റക്കൈ, മറ്റേക്കൈ |

| വരികൾ | ശബ്ദ ഭംഗി |
|---|---|
| "മൂത്തവൻ കൈയിൽ നീ വെണ്ണവച്ചീടുമ്പോൾ ആർത്തനായ് നിന്നു ഞാൻ കേഴംപോലെ." | മൂത്തവൻ, ആർത്തൻ |
| "ഇങ്ങനെ കേട്ടവൾ വെണ്ണയ്ക്ക് പിന്നെയും അങ്ങു തിരിഞ്ഞു നടന്ന നേരം" | ഇങ്ങനെ, അങ്ങു |
| "കൈയിലെ വെണ്ണയെപ്പയ്യവേ വായിലി "ട്ടയ്യോ!" യെന്നിങ്ങനെ ചൊല്ലി,ചൊന്നാൻ " | കൈയിലെ, അയ്യോ |
| "വെണ്ണയെക്കണ്ടൊരു കണ്ണന്തന്നാനനം വെണ്ണിലാവോലുന്ന തിങ്കൾ പോലെ" | വെണ്ണയെ, വെണ്ണിലാവ് |
| "പുഞ്ചിരിത്തൂമകൊണ്ടഞ്ചിതമാകയാൽ ചെഞ്ചെമ്മേ നിന്നു വിളങ്ങീതപ്പോൾ." | പുഞ്ചിരി, ചെഞ്ചെമ്മേ |



## വരികൾ കണ്ടെത്താം

**ആശയം വരുന്നവരികൾ കണ്ടെത്തി നോട്ടുബുക്കിൽ എഴുതൂ.**

| വരികളുടെ ആശയം | വരികൾ |
|---|---|
| അമ്മ കുളിച്ചു വരുന്നതുവരെ ഞാൻ വെണ്ണയ്ക്ക് കാവൽ നിൽക്കുകയായിരുന്നു. | സ്നാനത്തെ ചെയ്തു നീയാഗമിപ്പോളവും<br>പാലിച്ചേനല്ലോയിപ്പാൽ വെണ്ണ ഞാൻ' |
| നീട്ടിയ കൈകളിലേക്ക് അമ്മ വെണ്ണ നല്കി | ഉണ്ണിക്കൈതന്നിലേ വച്ചുനിന്നീടിനാൾ<br>വെണ്ണയെ കൊണ്ടുപോന്നമ്മയപ്പോൾ,' |
| ഒരു കൈയിൽ മാത്രം വെണ്ണ നൽകിയാൽ മറ്റേ കൈയ്ക്ക് വിഷമമാകില്ലേ. | ഒറ്റക്കൈതന്നിൽ നീ വെണ്ണ വച്ചീടിനാൽ<br>മറ്റെക്കൈ കണ്ടിട്ടു കേഴുമല്ലോ' |
| കൈയിലുള്ള വെണ്ണ വായിലിടുകയും വെണ്ണ കാക്ക കൊണ്ടുപോയി എന്ന് പറയുകയും ചെയ്തു. | കൈയിലെ വെണ്ണയെപ്പയ്യവേ വായിലി "<br>ട്ടയ്യോ!" യെന്നിങ്ങനെ ചൊല്ലി,ചൊന്നാൻ<br>"കള്ളനായുള്ളൊരു കാകൻ താൻ വന്നിട്ടെൻ<br>കൈയിലേ വെണ്ണയെക്കൊണ്ടുപോയി" |
| ഒട്ടും മടി കാണിക്കാതെ അമ്മ കുട്ടിയുടെ രണ്ടു കൈയ്യിലും വെണ്ണ നൽകുന്നു. | വൈകാതവണ്ണമക്കൈതവപ്പൈതൽതൻ-<br>കൈകളിൽ രണ്ടിലും വെണ്ണ വച്ചാൾ,' |

## അടിവരയിട്ട പദത്തിനു പകരം അതേ അർത്ഥമുള്ള മറ്റൊരു പദം ചേർത്തെഴുതുക .

കള്ളനായുള്ള <u>കാകൻ</u> - കള്ളനായുള്ള <u>കാക്ക</u>

വെണ്ണിലാവോലുന്ന <u>തിങ്കൾ</u> - വെണ്ണിലാവോലുന്ന <u>ചന്ദ്രൻ</u>

ആർത്തനായ് നിന്നു ഞാൻ <u>കേഴുംപോലെ</u> - ആർത്തനായ് നിന്നു ഞാൻ <u>കരയും</u> പോലെ

പാഠപുസ്തകം പേജ്. 10

## മാതൃകപോലെ മാറ്റിയെഴുതാം

| | | |
|---|---|---|
| ആഗമിപ്പോളവും | - | ആഗമിക്കുന്നതുവരെ |
| ഏതുമേ താരാതെ | - | ഒന്നും തരാതെ (ഒട്ടും തരാതെ) |
| കേഴുംപോലെ | - | കരയും പോലെ |

പാഠപുസ്തകം പേജ്. 10

## പിരിച്ചെഴുതുക.

| | | |
|---|---|---|
| വെണ്ണിലാവ് | = | വെൺ + നിലാവ് |
| ഓമനപ്പൈതൽ | = | ഓമന + പൈതൽ |
| ഇങ്ങനെയുള്ള | = | ഇങ്ങനെ + ഉള്ള |
| കേഴുമല്ലോ | = | കേഴും + അല്ലോ |
| ഉണ്ണിക്കൈ | = | ഉണ്ണി + കൈ |
| കോമളച്ചുണ്ട് | = | കോമള + ചുണ്ട് |

# സമാനാർഥമുള്ള പദങ്ങൾ കണ്ടെത്താം

| | | |
|---|---|---|
| മുഖം | - | ആനനം, വദനം, ആസ്യം |
| നിലാവ് | - | ചന്ദ്രിക, കൗമുദി, ജ്യോത്സന |
| പുഞ്ചിരി | - | മന്ദഹാസം, സ്മിതം, സ്മേരം |
| കൈ | - | പാണി, ഹസ്തം, ബാഹു |
| അമ്മ | - | മാതാവ്, ജനനി, തായ |
| പാൽ | - | ക്ഷീരം, പയസ്, ദുഗ്ധം |

പാഠപുസ്തകം പേജ്. 11

# കൃഷ്ണഗാഥ


**കൃഷ്ണഗാഥയിലെ ഏതാനും വരികൾ ആണ് വെണ്ണക്കണ്ണൻ എന്ന പാഠഭാഗം എന്ന് അറിവുള്ളതാണല്ലോ.**

ഭഗവാൻ ശ്രീകൃഷ്ണന്റെ ജീവിതകഥയെ അടിസ്ഥാനമാക്കി ചെറുശ്ശേരി രചിച്ച കാവ്യമാണ് കൃഷ്ണഗാഥ. രണ്ടു ഭാഗങ്ങളായാണ് കൃഷ്ണഗാഥ രചിച്ചിട്ടുള്ളത്. ശ്രീകൃഷ്ണന്റെ ജനനവും ബാലലീലകളും ഒന്നാം ഭാഗത്തിൽ പ്രതിപാദ്യവിഷയമാകുന്നു. അവതാരലക്ഷ്യത്തിനായി പുറപ്പെടുന്നതു മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാര്യങ്ങളാണ് രണ്ടാംഭാഗത്തിൽ വർണ്ണിക്കുന്നത്.

**കൃഷ്ണഗാഥ രചനയ്ക്ക് പിന്നിൽ ഒരു കഥയുണ്ട്. വായിച്ചു നോക്കൂ.**



## കൃഷ്ണഗാഥ രചനയ്ക്ക് പിന്നിലെ ഐതിഹ്യം




**കോലത്തിരി നാട്ടിലെ രാജാവായിരുന്നു ഉദയവർമ്മൻ, അദ്ദേഹം ചെറുശ്ശേരി നമ്പൂതിരിയുമായി ചതുരംഗം കളിയ്ക്കുകയായിരുന്നു. തൊട്ടടുത്തായി തൊട്ടിലിൽ കുട്ടിയെ കിടത്തി താരാട്ടുപാടി ഉറക്കുകയാണ് രാജപത്നി. ചതുരംഗക്കളിയിൽ വിദഗ്ധയായ രാജ്ഞി കളിയിൽ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അപ്പോൾ കണ്ടത് അടിയറവ് പറയാനൊരുങ്ങുന്ന രാജാവിനെയാണ്. ഒരു നീക്കം കൂടി പിഴച്ചാൽ രാജാവിന് തോൽവി ഉറപ്പ്. കുട്ടിയെ താരാട്ടു പാടി ഉറക്കാനെന്ന മട്ടിൽ**

**"ഉന്തുന്തുന്തുന്തുന്തു ന്തുന്തുന്തു ന്തുന്തുന്തു**
**ന്തുന്തുന്തു ന്തുന്തുന്തു ന്താളെയുന്ത്"**

**എന്നു പാടി അടുത്ത എന്ന കരുനീക്കത്തിന് രാജാവിന് സൂചന നൽകിയത്രേ. രാജാവ് അതു മനസ്സിലാക്കി കാലാൾ എന്ന കരു നീക്കി, കളി ജയിക്കുകയും ചെയ്തു. സന്തുഷ്ടനായ രാജാവ് രാജ്ഞി പാടിയ ഈണത്തിൽ ഒരു കാവ്യം രചിക്കാൻ ചെറുശ്ശേരിയോട് ആവശ്യപ്പെട്ടുവെന്നും അപ്രകാരം രചിക്കപ്പെട്ടതാണ് കൃഷ്ണഗാഥയെന്നുമാണ് ഐതിഹ്യം.**



# താരാട്ട് പാട്ടുകൾ

ഓമനത്തിങ്കൾക്കിടാവോ

നല്ല കോമളത്താമരപ്പൂവോ

പൂവിൽനിറഞ്ഞ മധുവോ പരി-

പൂർണേന്ദുതന്റെ നിലാവോ

ക്ലിക്ക് ചെയ്യൂ

ഇരയിമ്മൻ തമ്പി

എൻ കുഞ്ഞുറങ്ങിക്കൊൾകെൻ

കുഞ്ഞുറങ്ങിക്കൊൾ-

കെൻ കുഞ്ഞുറങ്ങിക്കൊൾകെൻറെ തങ്കം

നാളെപ്പുലർകാലത്തുൻമേഷമിന്നത്തെ-

ക്കാളുമിണങ്ങിയുണർന്നെണീപ്പാൻ

ക്ലിക്ക് ചെയ്യൂ

വള്ളത്തോൾ

അന്നലൂഞ്ഞാൽ

പൊൻപടിയിൽ ആട് ആടാട്

ആലിലയിൽ പള്ളികൊള്ളും

ആരോമലുണ്ണീ ആടാട്

ആട് ആട് ആടാട്

ക്ലിക്ക് ചെയ്യൂ

ഒ.എൻ.വി

പാട്ടുപാടിയുറക്കാം ഞാൻ

താമരപ്പൂമ്പൈതലേ

കേട്ടുകേട്ടു നീയുറങ്ങെൻ

കരളിന്റെ കാതലേ

ക്ലിക്ക് ചെയ്യൂ

അഭയദേവ്

താമരക്കണ്ണനുറങ്ങേണം കണ്ണും

പൂട്ടിയുറങ്ങേണം

അച്ഛനെപ്പോലെ വളരേണം അമ്മയ്ക്ക്

തണലായ് മാറേണം

അമ്പിളിമാമന്റെ കൊമ്പില്ലാക്കൊമ്പനെ

കയ്യിലെടുക്കേണം

ക്ലിക്ക് ചെയ്യൂ

കൈതപ്രം

താലോലം താനേ താരാട്ടും

പൂങ്കാറ്റും ചാഞ്ഞുറങ്ങുമ്പോൾ

ഞാനേ തേടും ഈണം പോലും

കണ്ണീരോടെ ആരിരാരോ...

ക്ലിക്ക് ചെയ്യൂ

കൈതപ്രം



# ഒരേ ഈണം ഒരേ താളം.

**വെണ്ണക്കണ്ണൻ കവിത 'ഉന്തുന്തു/ന്തുന്തുന്തു' എന്ന ഈണത്തിൽ (പേജ്: 4 ലെ ആഡിയോ.1) ചൊല്ലി നോക്കൂ.**

**എല്ലാ കവിതയും ഈ ഈണത്തിൽ പൊല്ലാൻ സാധിക്കുമോ?**

**പാഠപുസ്തകത്തിലെ ഈ യൂണിറ്റിലെ കവിത "കൂടയില്ലാത്തവർ അതേ ഈണത്തിൽ ചൊല്ലി നോക്കൂ. ചൊല്ലാൻ കഴിയുന്നില്ല അല്ലേ?**

**എങ്കിൽ വള്ളത്തോളിന്റെ ഈ കവിത ഇതേ ഈണത്തിൽ ചൊല്ലി നോക്കൂ.**

ആവൃ വിശപ്പില്ലേ കാച്ചിയ പാലിതാ
തുവെള്ളിക്കിണ്ണത്തിൽ തേൻ കുഴമ്പും
നല്ല പഴങ്ങളുമാവോളം ഭക്ഷിച്ച
വല്ലതും മുൻമട്ടിൽ സംസാരിപ്പിൻ

വള്ളത്തോൾ

**ചൊല്ലാൻ കഴിയുന്നുണ്ടല്ലോ. എന്തുകൊണ്ടാകാം ഈ സമാനത?**

**ഈ കവിതകളിലെ ഈരണ്ടു വരികളെടുത്ത് അക്ഷരങ്ങൾ എണ്ണിനോക്കൂ.**

'ആവൃ വിശപ്പില്ലേ കാച്ചിയ പാലിതാ - 12 അക്ഷരം
തുവെള്ളിക്കിണ്ണത്തിൽ തേൻ കുഴമ്പും' - 10 അക്ഷരം

'സ്നാനത്തെ ചെയ്തു നീയാഗമിപ്പോളവും - 12 അക്ഷരം
പാലിച്ചേനല്ലോയിപ്പാൽ വെണ്ണ ഞാൻ' - 10 അക്ഷരം

**ചില്ലക്ഷരങ്ങൾ എണ്ണുന്നില്ല (ൻ, ൽ)


ഈ വരികളിൽ ഒന്നാമത്തെ വരിയിൽ **12** അക്ഷരവും രണ്ടാമത്തെ വരിയിൽ **10** അക്ഷരവു മാണ്. അതുകൊണ്ടാണ് ഒരേ ഈണത്തിലും താളത്തിലും ചൊല്ലാൻ കഴിയുന്നത്.

കവിതകളിലെ വരികളിലെ അക്ഷരങ്ങളുടെ എണ്ണവും ഈണവും തമ്മിൽ ബന്ധമുണ്ട്.

വ്യത്യസ്ത കവിതകളിലെ വരികളിലെ അക്ഷരങ്ങളുടെ എണ്ണം ഒരുപോലെയായാൽ അവ ഒരേ ഈണത്തിൽ ചൊല്ലാൻ സാധിക്കും.

## കേട്ടും ചൊല്ലിയും രസിക്കാം

**കവിതയിലെ കണ്ണനേയും അമ്മയേയും കണ്ടുവല്ലോ. ഇതാ മറ്റൊരമ്മയും ഉണ്ണിയും.**



ആറ്റിൻവക്കത്തെ മാളികവീട്ടില-
ന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു.
ഉണ്ണിക്കരയിലെക്കിങ്ങിണി പൊന്നുകൊ-
ണ്ടുണ്ണി കാതിൽ കുടക്കടുക്കൻ
പാപ്പകൊടുക്കുന്നു പാലുകൊടുക്കുന്നു
പാവകൊടുക്കുന്നു നങ്ങേലി
കാച്ചിയ മോരൊഴിച്ചൊപ്പിവടിച്ചിട്ടു
കാക്കേ, പൂച്ചേ, പാട്ടുകൾ പാടീട്ട്
മാനത്തമ്പിളിമാമനെക്കാട്ടീട്ട്
മാമു കൊടുക്കുന്നു നങ്ങേലി.
താഴെവച്ചാലുറുമ്പരിച്ചാലോ
തലയിൽ വച്ചാൽ പേനരിച്ചാലോ
തങ്കക്കുടത്തിനെത്താലോലം പാടീട്ടു
തങ്കക്കട്ടിലിൽപ്പട്ടു വിരിച്ചിട്ടു
തണുതണപ്പൂന്തുട തട്ടിയുറക്കീട്ടു
ചാഞ്ഞു മയങ്ങുന്നു നങ്ങേലി.

പൂതപ്പാട്ട് ഇടശ്ശേരി ഗോവിന്ദൻ നായർ



പൂതപ്പാട്ട് ആഡിയോ 1

കേൾക്കാൻ ക്ലിക്ക് ചെയ്യൂ



പൂതപ്പാട്ട് ആഡിയോ 2





## മാതൃസ്നേഹം

കൃഷ്ണഗാഥയിലെ വെണ്ണക്കണ്ണൻ എന്ന ഭാഗവും, പൂതപ്പാട്ടും മാതൃസ്നേഹത്തിന്റെ രണ്ടു സന്ദർഭമാണ് കാട്ടിത്തരുന്നത്. വെണ്ണക്കണ്ണനിൽ മകന്റെ ബാല്യകാല കുസൃതികൾ ആസ്വദിക്കുന്ന അമ്മയെയാണ് നാം കാണുന്നതെങ്കിൽ പൂതപ്പാട്ടിൽ ശൈശവാവസ്ഥയിലുള്ള തന്റെ കുഞ്ഞിനെ ഊട്ടുന്ന അമ്മയാണ്.

ഒരു കൈയിൽ വെണ്ണ നൽകുമ്പോൾ മറുകൈ കരയുമെന്നും കൈയിൽ തന്ന വെണ്ണ കാക്കയെടുത്തുപോയിയെന്നുള്ള മകന്റെ വാക്കുകൾ, കുസൃതിയായിട്ടാണ് വെണ്ണക്കണ്ണനിലെ വാത്സല്യനിധിയായ അമ്മ കരുതുന്നത്.

പൂതപ്പാട്ടിലെ മകൻ ശൈശവാവസ്ഥയിലാണ്. അവന് അമ്പിളിമാമനെ കാട്ടി, കാക്കേപൂച്ചേ പാടി നങ്ങേലി മാമു കൊടുക്കുന്ന രംഗം നേരിൽ കാണുന്നപോലെ അവതരിപ്പിക്കുന്നുണ്ട്. നങ്ങേലിക്ക് ആറ്റുനോറ്റ് കാത്തിരുന്നുണ്ടായ മകനാണ്. അതുകൊണ്ടുതന്നെ വെച്ചാൽ തലയിൽ വെച്ചാൽ പേനരിച്ചാലോ എന്ന പ്രയോഗം അർത്ഥവത്തും ആസ്വാദ്യവുമാവുന്നു. രണ്ടമ്മമാരും മക്കളെ സ്നേഹിക്കുകയും അവരുടെ സന്തോഷത്തിനായി പ്ര ത്നിക്കുകയും ചെയ്യുന്നു. ഓരോ ഘട്ടത്തിലും സ്നേഹത്തിന്റെ അളവ് കൂടി വരുന്നതായി കാണാം.

രണ്ടു കവിതകളും മാതൃസ്നേഹത്തിന്റെ ഉദാത്ത മാതൃകകൾ ആണ് നമുക്ക് കാട്ടിത്തരുന്നത് എന്നതിൽ സംശയമില്ല.



# ജീവചരിത്ര കുറിപ്പ് - ചെറുശ്ശേരി

**തന്നിരിക്കുന്ന പദസൂര്യൻ ഉപയോഗിച്ച് ചെറുശ്ശേരിയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൂ.**



പ്രാചീന കവിത്രയത്തിൽ ഉൾപ്പെട്ട മഹാകവിയും ഗാഥാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുമാണ് ചെറുശ്ശേരി.


കോലോത്തു നാട്ടിലെ ഉദയവർമൻ കോലത്തിരിയുടെ സദസ്യനായിരുന്നു

**ജനനം**

- 1475നും 1575 നും ഇടയിൽ ജീവിതകാലം
- ഉത്തരകേരളത്തിൽ കാനത്തുർ ഗ്രാമത്തിൽ ചെറുശ്ശേരി ഇല്ലത്ത് ജനനം

**ചെറുശ്ശേരി നമ്പൂതിരി**

- പ്രധാനകൃതി കൃഷ്ണഗാഥ
- ഭാഗവതം ദശമസ്കന്ധത്തെ ആസ്പദമാക്കി രചിച്ച കാവ്യമാണ്
- ഭഗവാൻ ശ്രീകൃഷ്ണന്റെ ജീവിതകഥയെ അടിസ്ഥാനമാക്കി രചിച്ച കാവ്യമാണ് കൃഷ്ണഗാഥ.
- രണ്ടു ഭാഗങ്ങളായാണ് കൃഷ്ണഗാഥ രചിച്ചിട്ടുള്ളത്.
- ശ്രീകൃഷ്ണന്റെ ജനനവും ബാലലീലകളും ഒന്നാംഭാഗത്തിൽ പ്രതിപാദ്യവിഷയമാകുന്നു.
- അവതാരലക്ഷ്യത്തിനായി പുറപ്പെടുന്നതു മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാര്യങ്ങളാണ് രണ്ടാംഭാഗത്തിൽ വർണ്ണിക്കുന്നത്.



## ജീവചരിത്ര കുറിപ്പ് - ചെറുശ്ശേരി

പ്രാചീന കവിത്രയത്തിൽ ഉൾപ്പെട്ട മഹാകവിയും ഗാഥാ പ്രസ്ഥാനത്തിന്റ ഉപജ്ഞാതാവുമായ ചെറുശ്ശേരി **1475**-നും **1575**-നും ഇടയ്ക്കാണ് ജീവിച്ചിരുന്നത് എന്ന് കരുതപ്പെടുന്നു. ഉത്തര കേരളത്തിൽ കാനത്തൂർ ഗ്രാമത്തിൽ വടകരയിൽ ചെറുശ്ശേരി ഇല്ലത്തിലാണ് ജനനം. കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു ചെറുശ്ശേരി.

മലയാള ഭാഷയുടെ ശക്തിയും സൗന്ദര്യവും ആദ്യമായി കാണാൻ കഴിയുന്നത് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ എന്ന മനോഹര കൃതിയിലാണ്. കൃഷ്ണഗാഥയ്ക്ക് കൃഷ്ണപ്പാട്ട് എന്നും പറയും. ഭാഗവതം ദശമസ്കന്ധത്തെ ആസ്പദമാക്കി രചിച്ച കാവ്യമാണ് കൃഷ്ണഗാഥ. രണ്ടു ഭാഗങ്ങളായാണ് കൃഷ്ണഗാഥ രചിച്ചിട്ടുള്ളത്. ശ്രീകൃഷ്ണന്റെ ജനനവും ബാലലീലകളും ഒന്നാം ഭാഗത്തിൽ പ്രതിപാദ്യവിഷയമാകുന്നു. അവതാരലക്ഷ്യത്തിനായി പുറപ്പെടുന്നതു മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാര്യങ്ങളാണ് രണ്ടാംഭാഗത്തിൽ വർണ്ണിക്കുന്നത്.



### പ്രാചീന കവിത്രയം

പ്രാചീന കവികളായ ചെറുശ്ശേരി നമ്പൂതിരി, തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നിവരെയാണ് മലയാളത്തിലെ പ്രാചീന കവിത്രയം എന്നു കണക്കാക്കുന്നത്. അതേപോലെ കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നിവരാണ് ആധുനിക കവിത്രയം എന്ന് അറിയപ്പെടുന്നത്.

# LSS കോർണർ

## ഉത്തരമെഴുതുക

1. ഭാഗവതം ദശമസ്കന്ധത്തെ ആസ്പദമാക്കി രചിച്ച കാവ്യമേത്?

2. താരാട്ട് പാട്ടിന്റെ ഈണത്തിൽ രചിക്കപ്പെട്ട കൃതി?

3. ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥ പ്രതിപാദിക്കുന്ന കവിത ഏത്?

4. കൃഷ്ണഗാഥയുടെ രചയിതാവ്?

5. പൂതപ്പാട്ട് രചിച്ചതാര്?

6. കൃഷ്ണപ്പാട്ട് എന്ന് അറിയപ്പെടുന്ന കൃതി?

7. ആരുടെ ആജ്ഞ പ്രകാരമാണ് കൃഷ്ണഗാഥ രചിയ്ക്കപ്പെട്ടത്?

8. ഗാഥാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്?

9. "ആവൂ വിശപ്പില്ലേ കാച്ചിയ പാലിതാ
   തുവെള്ളിക്കിണ്ണത്തിൽ തേൻ കുഴമ്പും"

   ആരുടെ വരികൾ?

10. പിരിച്ചെഴുതുക – ഉണ്ണിക്കൈ

ഉത്തരങ്ങൾ – പേജ് .23

11. ശരിയായ പദം ഏത്?

(a) വതനം (b) വദനം

(c) വധനം (d) വഥനം

12. കൂട്ടത്തിൽ പെടാത്തതാര്?

(a) ചെറുശ്ശേരി നമ്പൂതിരി (b) കുമാരനാശാൻ

(c) എഴുത്തച്ഛൻ (d) കുഞ്ചൻ നമ്പ്യാർ

13. തൂമ, അഞ്ചിതം, ചെമ്മേ, ഇവയ്ക്ക് പകരം ചേർക്കാൻ കഴിയുന്ന പദമേത്?

(a) പുഞ്ചിരി (b) കള്ളൻ

(c) ഭംഗി (d) നിലാവ്

14. "ഓമനത്തിങ്കൾക്കിടാവോ നല്ല
കോമളത്താമരപ്പൂവോ
പൂവിൽനിറഞ്ഞ മധുവോ പരി–
പൂർണേന്ദുതന്റെ നിലാവോ"

ഇത് ആരുടെ വരികളാണ്?

15. ആർത്തനായി ഞാൻ നിന്നു.

അടിവരയിട്ട പദത്തിനു പകരം പദം ചേർത്തെഴുതു.

16. "മൂത്തവൻ കൈയിൽ നീ വെണ്ണവച്ചീടുമ്പോൾ
ആർത്തനായ് നിന്നു ഞാൻ കേഴുംപോലെ."

ഈ വരികൾക്ക് ശബ്ദഭംഗി നൽകുന്ന പദങ്ങൾ ജോഡിയായി എഴുതു.

ഉത്തരങ്ങൾ – പേജ് .23

17. ഒറ്റയാനെ കണ്ടെത്തുക?

(a) ക്ഷീരം (b) പാണി

(c) പാൽ (d) ദുഗ്ധം

18. "കനകച്ചിലങ്ക കിലുങ്ങികിലുങ്ങി,
കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി
കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി,
കതിരുതിർപ്പുഞ്ചിരി ചെഞ്ചുണ്ടിൽത്തങ്ങി;"

ആരുടെ വരികൾ?

19. താഴെപ്പറയുന്നവയിൽ 'അമ്മ' യുടെ സമാന പദമല്ലാത്തതേത്?

(a) മാതാവ് (b) ജനനി

(c) താതൻ (d) തായ

20. 'നങ്ങേലി' ഇടശ്ശേരിയുടെ ഏത് കൃതിയിലെ കഥാപാത്രമാണ്?

ഉത്തരങ്ങൾ - പേജ് .23

## ഉത്തരങ്ങൾ

1. കൃഷ്ണഗാഥ
2. കൃഷ്ണഗാഥ
3. കൃഷ്ണഗാഥ
4. ചെറുശ്ശേരി നമ്പൂതിരി
5. ഇടശ്ശേരി ഗോവിന്ദൻ നായർ
6. കൃഷ്ണഗാഥ
7. കോലത്തുനാട്ടിലെ ഉദയവർമ്മ രാജാവ്
8. ചെറുശ്ശേരി നമ്പൂതിരി
9. വള്ളത്തോൾ നാരായണമേനോൻ
10. ഉണ്ണി + കൈ
11. വദനം
12. കുമാരനാശാൻ
13. ഭംഗി
14. ഇരയിമ്മൻ തമ്പി
15. ദുഃഖിതനായി ഞാൻ നിന്നു.
16. മൂത്തവൻ, ആർത്തൻ
17. പാണി
18. ചങ്ങമ്പുഴ കൃഷ്ണപിള്ള
19. താതൻ (അച്ഛൻ)
20. പൂതപ്പാട്ട്

തയ്യാറാക്കിയത്

നിഖിൽ. എസ്
ഗവ.എൽ.പി സ്കൂൾ കളരിക്കൽ
ചെന്നിത്തല

CLPE RESOURCES

Malayalam Worksheets
Click/Scan